**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1520** | **03-02-2026 - ൽ മറുപടിയ്ക്ക്**

**പുതിയ തൊഴിൽ നിയമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ തൊഴിൽ നിയമങ്ങളെ ഏകീകരിച്ച് നാല് നിയമങ്ങളാക്കി കേന്ദ്ര സർക്കാർ പ്രാബല്യത്തിൽ വരുത്തിയത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടി തൊഴിൽ മേഖലയെ എപ്രകാരം ബാധിക്കുമെന്നാണ് കരുതുന്നത്; | (എ) | പരിശോധിച്ചിട്ടുണ്ട്. വിവിധ തൊഴിൽ നിയമങ്ങളെ ഏകീകരിച്ച് നാല് നിയമങ്ങളാക്കി കേന്ദ്ര സർക്കാർ പ്രാബല്യത്തിൽ വരുത്തിയ നടപടി സംബന്ധിച്ചും കേന്ദ്ര സർക്കാർ പാസ്സാക്കിയ ലേബർ കോഡുകളെക്കുറിച്ചുള്ള പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും ചർച്ച ചെയ്യുന്നതിനുവേണ്ടി 19.12.2025 ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ (KILE) ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് വച്ച് സർക്കാർ, വിവിധ ട്രേഡ് യൂണിയനുകൾ, നിയമവിദഗ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ദേശീയ ലേബർ കോൺക്ലേവ് സംഘടിപ്പിക്കുകയും, പ്രസ്തുത കോൺക്ലേവിൽ ലേബർ കോഡുകളെ കുറിച്ച് പഠിക്കാനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും വേണ്ടി 22.01.2026 തീയതിയിലെ സ.ഉ.(സാധാ) നം. 74/2026/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ജസ്റ്റിസ്.(Rtd.) ഗോപാലഗൗഡ ചെയർമാനായുള്ള കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ പഠന റിപ്പോർട്ട് ലഭ്യമായ ശേഷം ലേബർ കോഡുകൾ തൊഴിൽ മേഖലയെയും തൊഴിലാളി യൂണിയനുകളുടെ പ്രവർത്തനത്തെയും എപ്രകാരം ബാധിക്കുമെന്ന് പരിശോധിക്കുന്നതാണ്. |
| (ബി) | പുതിയ തൊഴിൽ നിയമം തൊഴിലാളി യൂണിയനുകളുടെ പ്രവർത്തനത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | പരിശോധിച്ചിട്ടുണ്ട്. വിവിധ തൊഴിൽ നിയമങ്ങളെ ഏകീകരിച്ച് നാല് നിയമങ്ങളാക്കി കേന്ദ്ര സർക്കാർ പ്രാബല്യത്തിൽ വരുത്തിയ നടപടി സംബന്ധിച്ചും കേന്ദ്ര സർക്കാർ പാസ്സാക്കിയ ലേബർ കോഡുകളെക്കുറിച്ചുള്ള പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും ചർച്ച ചെയ്യുന്നതിനുവേണ്ടി 19.12.2025 ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് |

| | | | |
|---|---|---|---|
| | | | എംപ്ലോയ്മെന്റിന്റെ (KILE) ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് വച്ച് സർക്കാർ, വിവിധ ട്രേഡ് യൂണിയനുകൾ, നിയമവിദഗ്ദ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ദേശീയ ലേബർ കോൺക്ലേവ് സംഘടിപ്പിക്കുകയും, പ്രസ്തുത കോൺക്ലേവിൽ ലേബർ കോഡുകളെ കുറിച്ച് പഠിക്കാനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും വേണ്ടി 22.01.2026 തീയതിയിലെ സ.ഉ.(സാധാ) നം. 74/2026/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ജസ്റ്റിസ്.(Rtd.) ഗോപാലഗൗഡ ചെയർമാനായുള്ള കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ പഠന റിപ്പോർട്ട് ലഭ്യമായ ശേഷം ലേബർ കോഡുകൾ തൊഴിൽ മേഖലയെയും തൊഴിലാളി യൂണിയനുകളുടെ പ്രവർത്തനത്തെയും എപ്രകാരം ബാധിക്കുമെന്ന് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ